# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2317 20.06.2012 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ അണക്കെട്ട് - വിദഗ്ദ്ധ സമിതി റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്നുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നുണ്ടോ; | (എ) അംഗീകരിക്കുന്നില്ല. റിപ്പോർട്ട് സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. |
| (ബി) പുതിയ ഡാം പണിയണമെന്ന ആവശ്യത്തിൽ സർക്കാർ ഉറച്ചു നിൽക്കുന്നുണ്ടോ; | (ബി) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയണമെന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്. |
| (സി) ഡാം സുരക്ഷിതമാണെന്നും ഇനിയും ഏറെനാൾ നിലനിൽക്കുമെന്നും സർക്കാരിന് ഉറപ്പു നൽകാനാകുമോ; | (സി) ഡാം സുരക്ഷിതമല്ലെന്നു തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. |
| (ഡി) ഡാമിന്റെ അപകടാവസ്ഥ ജീവനു ഭീഷണിയാണെന്നുള്ള ലക്ഷക്കണക്കിനാളുകളുടെ ആശങ്ക ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിനെതിരെ സുപ്രീം കോടതിയിൽ എന്ത് വാദമാണ് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഇ) സ്ട്രക്ച്ചറൽ ആയിട്ടും ഹൈഡ്രോളജിക്കലി ആയിട്ടും സെസ്മിക്കിലി ആയിട്ടും മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണ് എന്ന ഉന്നതാധികാര സമിതിയുടെ നിലപാടിനോട് കേരളം യോജിക്കുന്നില്ല. 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ ഡാം സുരക്ഷിതമല്ലായെന്ന ഖണ്ഡിതമായ നിലപാട് തന്നെയാണ് കേരളത്തിനുമുള്ളത്. പുതിയ ഡാം എന്ന നിർദ്ദേശം നടപ്പാക്കണമെന്ന് തന്നെയാണ് കേരളത്തിന്റെ നിലപാട്. പുതിയ ഡാമിന്റെ നിർമ്മാണത്തിനുള്ള പല വ്യവസ്ഥകളോടും വിയോജിപ്പ് ഉണ്ടെങ്കിലും പുതിയ ഡാം നിർമ്മിക്കണമെന്ന നിർദ്ദേശത്തോട് യോജിക്കുന്നു. ടണൽ നിർമ്മാണത്തെ സംബന്ധിച്ച നിർദ്ദേശം അപ്രായോഗികമാണ്. ഇക്കാര്യങ്ങൾ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ വാദങ്ങൾ നിയമ വിദഗ്ധരും സാങ്കേതിക വിദഗ്ധരുമായി ആലോചിച്ച് അന്തിമമായി രൂപപ്പെടുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ